# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.272/2025** **തിരുവനന്തപുരം, തീയതി. 19.12.2025**

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല 2025 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ FYUGP (റെഗുലർ - 2024 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസ്സിന്റെ പകർപ്പിനുവേണ്ടി വിദ്യാർത്ഥികൾക്ക് അതാത് കോളേജുകളിൽ 2026 ജനുവരി 8 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് 2026 ജനുവരി 9 മുതൽ 16 വരെ സ്റ്റുഡന്റ് പോർട്ടൽ വഴി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎഫ്എ (പെയിന്റിംഗ് & സ്കൾപ്ച്ചർ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രൈവറ്റ് രജിസ്ട്രേഷൻ

കേരളസർവകലാശാല 2025-26 അക്കാദമിക് വർഷത്തിലെ ബിഎ/ബികോം/ബിഎ അഫ്സൽ-ഉൽ-ഉലാമ/ബിബിഎ/ബികോം അഡീഷണൽ ഇലക്ടീവ് കോ-ഓപ്പറേഷൻ/ ബികോം അഡീഷണൽ ഇലക്ടീവ് ട്രാവൽ & ടൂറിസം എന്നീ കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന 2025 ഡിസംബർ 24 മുതൽ അപേക്ഷിക്കാം. പിഴകൂടാതെ 2025 ഡിസംബർ 31 വരെയും പിഴയോടെ 2026 ജനുവരി 20 വരെയും അപേക്ഷ സ്വീകരിക്കുന്നതാണ്. അപേക്ഷയും അനുബന്ധ രേഖകളും അവസാന തീയതിക്കുള്ളിൽ കേരളസർവകലാശാല തപാൽ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. വിജ്ഞാപനത്തിന്റെ വിശദവിവരങ്ങൾ www.de.keralauniversity.ac.in, www.keralauniversity.ac.in എന്നീ വെബ്സൈറ്റുകളിൽ 2025 ഡിസംബർ 24 മുതൽ ലഭ്യമാണ്.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്

കേരളസർവകലാശാല അറബിക് വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (ഓൺലൈൻ) കോഴ്സിലേക്ക് 2026 ജനുവരിയിൽ ആരംഭിക്കുന്ന പതിനാറാമത് ബാച്ചിലേക്കുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ്ടു/തത്തുല്യം. ഫീസ് : 6500/- രൂപ. കാലാവധി : 6 മാസം. ഓൺലൈനായി അപേക്ഷിക്കുന്നതിനായി www.arabicku.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷിക്കേണ്ട അവസാന തീയതി 2025 ഡിസംബർ 30 ചൊവ്വാഴ്ച്ച വൈകുന്നേരം 5 മണി. വിശദവിവരങ്ങൾക്കായി 0471-2308846/9747318105 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |